പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 146 — 28/06/2016 ൽ മറുപടിക്ക്

## നെന്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീ.കെ. ബാബു | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെന്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആശുപത്രിയിലെ നിലവിലെ സേവനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നെന്മാറ സി.എച്ച്.സി, നെന്മാറ, അയിലൂർ, മേലാർകോട്, വണ്ടാഴി, എലവൻഞ്ചേരി, പല്ലശ്ശന, നെല്ലിയാംപതി എന്നീ 7 പഞ്ചായത്തുകളിലെ രോഗികൾക്ക് നിശ്ചിത ഒ.പി സമയത്ത് ചകിത്സ നൽകുകയും ആവശ്യമെങ്കിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകുകയും ചെയ്തുവരുന്നു. ഈ സി.എച്ച്.സി.യിലെ ഒരു ദിവസത്തെ ശരാശരി ഒ.പി 800 -ഉം ഐ.പി 65-ഉം ആണ്. അത്യാഹിത വിഭാഗം ഇല്ലെങ്കിലും 24 മണിക്കൂറും ഡോക്ടറുടെ സേവനം, കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ്, അനുവദനീയമായ മറ്റ് സേവനങ്ങൾ, എന്നിവ നൽകിവരുന്നു. ലബോറട്ടറി, എക്സ്-റേ, ഫ്രീസർ, മോർച്ചറി എന്നിവയുടെ സേവനവും ലഭ്യമാണ്. എല്ലാ ജീവൻരക്ഷാ മരുന്നുകളും നൽകുന്നുണ്ട്. സാന്ത്വന പരിചരണവും ലഭ്യമാണ്. |
| (ബി) | നെന്മാറ, അയിലൂർ, നെല്ലിയാംപതി, എലവഞ്ചേരി, പല്ലശ്ശന, മേലാർകോട് എന്നീ പഞ്ചായത്തുകളിലെ പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരും സാധാരണക്കാരും ചികിത്സക്കായി ആശ്രയിക്കുന്ന ഏക സർക്കാർ ആശുപത്രിയായ നെന്മാറ സി.എച്ച്.സി. യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ